Page 1 of 3

LIBRARY ARCHIVES Kerala Legislative Assembly

വില്ലേജ് ഓഫീസുകളിലെ ബി.ടി.ആർ., തണ്ടപ്പേർ രജിസ്റ്ററുകളുടെ ഡിജിറ്റലൈസേഷൻ എന്നിവ ജൂലൈ മാസത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം ജില്ലകൾക്ക് നൽകിക്കഴിഞ്ഞു. മറ്റ് രജിസ്റ്ററുകളുടെ ഡിജിറ്റലൈസേഷൻ ഘട്ടം ഘട്ടമായി പൂർത്തീകരിക്കുന്നതാണ്. നിലവിൽ വില്ലേജ് ഓഫീസുകളിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന സേവനങ്ങളായ ഭൂനികുതി, പോക്കുവരവ്, തണ്ടപ്പേർ പകർപ്പ് മുതലായ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

വിരമിക്കുന്ന ഡെപ്യൂട്ടി കളക്ടർമാരുടെ എണ്ണം

248 (997) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽനിന്ന് 2021, 2022 വർഷങ്ങളിൽ എത്ര ഡെപ്യൂട്ടി കളക്ടർമാരാണ് വിരമിക്കുന്നതെന്ന് വ്യക്തമാക്കുമോ?

68 പേർ.

(ബി) ഇവരുടെ പേര് വിവരവും വിരമിക്കുന്ന തീയതിയും ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

കണ്ണൻദേവൻ ഭൂമി സംബന്ധിച്ച 1971-ലെ സുപ്രീം കോടതിവിധി

249 (998) ശ്രീ. പി. ടി. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൻ ദേവൻ ഭൂമി സംബന്ധിച്ച 1971-ലെ സുപ്രീംകോടതി വിധിയിൽ എന്തെല്ലാം കാര്യങ്ങളാണ് ചൂണ്ടിക്കാട്ടിയത്?

പൂഞ്ഞാർ രാജാവിൽനിന്ന് കേണൽ മൺറോയിലൂടെ കണ്ണൻ ദേവൻ കമ്പനിക്ക് പാട്ടത്തിന് കിട്ടിയതും കൈവശാവകാശം വച്ചനുഭവിക്കുന്നതുമായ ഭൂമിയിൽ തോട്ടത്തിന്റെ ആവശ്യങ്ങൾക്ക് കമ്പനി ഉപയോഗിക്കാത്ത ഭൂമി ഗവൺമെന്റിലേയ്ക്ക് തിരിച്ചെടുക്കുന്നതിനായാണ് 1971-ലെ കെ.ഡി.എച്ച്. ആക്ട് പാസ്സാക്കിയത്. ഇത്തരത്തിൽ ഒരു നിയമം പാസ്സാക്കാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമില്ലെന്നും ഭരണഘടനയുടെ 31 എ വകുപ്പ് തോട്ടങ്ങൾക്ക് ബാധകമല്ലെന്നും മറ്റുമുള്ള പ്രശ്നങ്ങൾ ഉന്നയിച്ച് കണ്ണൻ ദേവൻ ഹിൽസ് പ്രൊഡ്യൂസസ്സ് കമ്പനി ലിമിറ്റഡ് കേരള സംസ്ഥാന സർക്കാരിനെതിരെ ബഹു.സുപ്രീം കോടതിയിൽ കേസ് ഫയൽ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിരുന്നു. ഈ കേസിലെ (1972 AIR 2301,1973SCR(1)356) 27-4-1972-ലെ ഭരണഘടന ബഞ്ചിന്റെ വിധിയിൽ ഈ കേസ് ബഹു. സുപ്രീംകോടതി ഡിസ്മിസ്സ് ചെയ്തു. കെ.ഡി.എച്ച്. വില്ലേജിലെ മുഴുവൻ ഭൂമിയും തിരുവിതാംകൂർ സർക്കാരിന്റെ വകയായിരുന്നെന്നും ആയത് കൃഷിക്കായി പാട്ടത്തിന് നൽകിയിട്ടുള്ളതും കൂടാതെ കണ്ണൻ ദേവൻ ഹിൽസ് (റിസംപ്ഷൻ ഓഫ് ലാൻഡ്സ്) ആക്ട്, 1971 നടപ്പിലാക്കിയത് കാർഷികസംബന്ധമായ പരിഷ്കരണത്തിനുവേണ്ടിയാണെന്നും കോടതി വിലയിരുത്തി. പൊതുതാൽപ്പര്യം മുൻനിർത്തി ഏത് ഭൂമി ഏറ്റെടുക്കണമെന്ന് നിശ്ചയിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ അധികാരം ചോദ്യം ചെയ്യാവുന്നതല്ലെന്നും വിധിയിൽ പരാമർശിച്ചിരുന്നു. ഇതനുസരിച്ച് കെ.ഡി.എച്ച്. നിയമത്തിന് പ്രാബല്യമുണ്ടാകുകയും ചെയ്തിട്ടുണ്ട്.

(ബി) കോടതിവിധിക്കുശേഷം ലാൻഡ് ബോർഡ് എന്തെല്ലാം വ്യവസ്ഥകളോടെ എത്ര ഏക്കർ ഭൂമിയാണ് കണ്ണൻ ദേവൻ കമ്പനിക്ക് പാട്ടത്തിന് നൽകിയത്?

ലാൻഡ് ബോർഡ് അവാർഡ് പ്രകാരം കെ.ഡി.എച്ച്.പി. കമ്പനി വിവിധ ആവശ്യങ്ങൾക്കായി കൈവശം വച്ചുവരുന്നതായി കണക്കാക്കിയിട്ടുള്ള വസ്തുവകകളെ തേയില കൃഷിക്കായുള്ള ഭൂമി, വിറകിന് മരം വളർത്തുന്നവ, മേച്ചിൽപ്പുറങ്ങൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായവ സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾ, തൊഴിലാളികൾക്ക് അലോട്ട് ചെയ്തിട്ടുള്ള ചെറിയ കൃഷിയിടങ്ങൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലാക്കി തരംതിരിച്ച് പട്ടികപ്പെടുത്തിയിട്ടുള്ളതാണ്. തേയില കൃഷിക്കായുള്ള സ്ഥലം നിക്ഷിപ്തമാക്കലിൽനിന്ന് ഒഴിവാക്കി നൽകുകയും കെട്ടിടങ്ങൾ, റോഡുകൾ, തൊഴിലാളികൾക്ക് അലോട്ട് ചെയ്തിട്ടുള്ള ചെറിയ കൃഷിയിടങ്ങൾ എന്നിവ ഉൾപ്പെടുന്ന സ്ഥലങ്ങൾ കമ്പനിക്ക് കൈവശം പുന:സ്ഥാപിച്ച് നൽകി. ചതുപ്പുനിലങ്ങളും നീർച്ചാലുകളും, കൃഷിക്ക് ഉപയുക്തമല്ലാത്ത പാറക്കെട്ടുകളും തരിശുഭൂമികളും മുതലായവ ഉൾപ്പെടുന്ന സ്ഥലങ്ങളും കമ്പനിക്ക് വിട്ടു നൽകി. നിശ്ചിത പ്രദേശങ്ങളിൽ കമ്പനിക്ക് വിറകിനുള്ള മരങ്ങൾ വളർത്തുന്നതിന് അനുമതിനൽകി. തേയില, കാപ്പി, കൊക്കോ, റബ്ബർ, ഏലം മുതലായ തോട്ടവിളകളുടെ കൃഷി ചെയ്യുന്നതിനും അവയെ വിപണനത്തിന് തയ്യാറാക്കുന്നതിനും തോട്ടങ്ങളുടെ സംരക്ഷണം, മാനേജ്മെന്റ്, നിലവിലെ ഫലപ്രദമായ നടത്തിപ്പ് എന്നിങ്ങനെയുള്ള കെ.ഡി.എച്ച്. നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി മേൽപ്രകാരം പട്ടികപ്പെടുത്തിയിട്ടുള്ള ആവശ്യങ്ങൾക്ക് ലാൻഡ് ബോർഡ് അവാർഡ് പ്രകാരം 57192.655 ഏക്കർ ഉൾപ്പടെ ടി വ്യവസ്ഥകളോടെ 58275.57615 ഏക്കർ ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ളതാണ്.

(സി) ലാൻഡ് ബോർഡ് ഭൂമി നൽകിയശേഷം കമ്പനി ഓരോ വർഷവും എത്ര ഏക്കർ ഭൂമിക്ക് പാട്ടം അടയ്ക്കുണ്ടെന്നും നിലവിൽ ഒരേക്കറിന് അടയ്ക്കുന്ന പാട്ടത്തുക എത്രയാണെന്നും വെളിപ്പെടുത്താമോ?

നിലവിൽ 58275.57615 ഏക്കർ ഭൂമിക്ക് പാട്ടം ഒടുക്കി വരുന്നു. ആർ ഒന്നിന് അഞ്ച് രൂപ നിരക്കിലാണ് പാട്ടം ഒടുക്കുന്നത്.

(ഡി) കമ്പനി പാട്ടം അടയ്ക്കുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ കുടിശ്ശികയുണ്ടെന്നും ആയത് ഈടാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

മേൽ പ്രകാരമുള്ള പാട്ടതുക അടച്ചുവരുന്നു.

ചാലിയാർ നദിയിലെ മണൽ ഓഡിറ്റ്

250 (999) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയാർ നദിയിൽ മണൽ ഓഡിറ്റ് നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ചാലിയാർ നദിയിൽ മണൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ കവണക്കല്ല് റഗുലേറ്റർ കം ബ്രിഡ്ജ്വരെ മാത്രം ഓഡിറ്റ് നടത്താനാണോ ഏജൻസിയെ ഏൽപ്പിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മുഴുവനായും ഏൽപ്പിച്ചിട്ടുണ്ടെങ്കിൽ ബാക്കി ഭാഗം എന്ന് നടത്തുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) അല്ല. വനമേഖലയിലും കോസ്റ്റൽ റെഗുലേറ്ററി സോൺ മേഖലയിലും മണൽ ഖനനം നടത്തുന്നത് അനുവദനീയമല്ലാത്തതിനാൽ ചാലിയാർ നദിയുടെ മൈലാടി പാലം (നിലമ്പൂർ) മുതൽ കവണക്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജ് വരെയുള്ള 53 കിലോമീറ്റർ ഭാഗത്തിന്റെ മാത്രം സാൻഡ് ഓഡിറ്റിംഗാണ് നടത്തിയിട്ടുള്ളത്. കവണക്കല്ല് ബ്രിഡ്ജിന് താഴോട്ടുള്ള ഭാഗം കോസ്റ്റൽ റെഗുലേറ്ററി സോൺ മേഖലയിൽ വരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly